# ചെമ്മണൂർ ക്രെഡിറ്റ്സ് ആന്റ് ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡ്

## CIN: U65923KL2008PLC023560

**മംഗളോദയം ബിൽഡിംഗ്, റൗണ്ട് സൗത്ത്, തൃശ്ശൂർ 680 001**

**PH: 0487 - 3041200, 2424010 I mail@chemmanurcredits.com I www.chemmanurcredits.com**

ബഹുമാനപ്പെട്ട ഡിബെഞ്ചർ ഉടമയുടെ ശ്രദ്ധയ്ക്ക്,

താങ്കളുടെ പക്കലുള്ള ചെമ്മണൂർ ക്രെഡിറ്റ്സ് ആന്റ് ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡിന്റെ ഡിബെഞ്ചർ (NCD) **5 / 6** വർഷം കാലാവധിയുള്ള ഡിബെഞ്ചർ സീരീസിൽ നിന്നും നൽകപ്പെട്ടിട്ടുള്ളതാണ്. ഡിബെഞ്ചർ സീരീസിന്റെ കാലാവധി നീട്ടുന്നതിനും, പൂർത്തിയാവുന്ന ഡിബെഞ്ചർ പുതുക്കി, ഡിബെഞ്ചർ ഉടമയ്ക്ക് പലിശ തുടർന്നും ലഭിക്കുന്നതിന് അവസരം നൽകുന്നതിനും വേണ്ടി സീരീസിന്റെ കാലാവധി പത്തുവർഷമായി നീട്ടുവാൻ കമ്പനി താൽപ്പര്യപ്പെടുന്നു.

ഡിബെഞ്ചർ സീരീസിന്റെ കാലാവധി നീട്ടിയാലും നിലവിലുള്ള കരാർ പ്രകാരം കാലാവധി പൂർത്തിയാവുന്ന ഡിബെഞ്ചറിന്റെ തുക കാലാവധി തീരുന്ന ദിവസം തന്നെ ആവശ്യമുള്ള പക്ഷം ഡിബെഞ്ചർ ഉടമയ്ക്ക് തിരികെ വാങ്ങാവുന്നതാണ്. എന്നാൽ സീരീസിന്റെ കാലാവധി നീട്ടുന്നതുകൊണ്ട് ഡിബെഞ്ചർ ഉടമയ്ക്ക് താൽപര്യമുള്ള പക്ഷം ഡിബെഞ്ചർ തിരികെ വാങ്ങുന്നതിനുള്ള ദിവസം നീട്ടിക്കിട്ടുന്നതിനും, അതുവഴി പുതുക്കിയ നിരക്കിൽ പലിശ തുടർന്നു ലഭിക്കുന്നതിനും അവസരം കിട്ടുന്നതാണ്. നീട്ടിയ കാലാവധിക്കുള്ളിലും പരസ്പര ധാരണ പ്രകാരം നിശ്ചയിച്ച ദിവസത്തിൽ തന്നെ ഡിബെഞ്ചറിന്റെ മുഴുവൻ തുകയും കൈപ്പറ്റാവുന്നതാണ്.

സീരീസിന്റെ കാലാവധി നീട്ടുന്നതിനു വേണ്ടിയുള്ള പ്രമേയം പാസ്സാക്കുന്നതിനുള്ള ബാലറ്റ് ഫോറം ഇതോടൊപ്പം അയക്കുന്നു. താങ്കൾ ഈ പ്രമേയത്തോട് യോജിക്കുന്ന പക്ഷം **''യോജിക്കുന്നു''** എന്ന കോളത്തിലോ, വിയോജിക്കുന്ന പക്ഷം **''വിയോജിക്കുന്നു''** എന്ന കോളത്തിലോ ശരിമാർക്ക് (✓) അടയാളപ്പെടുത്തി ഏറ്റവും താഴെ ഒപ്പിട്ട് മറുപടി കവറിൽ അധികാരപ്പെടുത്തിയ ഓഫീസർക്ക് (**Scrutinizer**) 15/06/2018 നു മുൻപ് കിട്ടത്തക്കവണ്ണം അയച്ചുതരണമെന്ന് താൽപ്പര്യപ്പെടുന്നു.

കാലാവധി നീട്ടുന്നതിനുള്ള പ്രമേയം ഡിബെഞ്ചർ ഉടമയുടെയും, കമ്പനിയുടെയും താൽപര്യത്തിന് അനുകൂലമായതിനാൽ ഈ പ്രമേയത്തോട് യോജിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

എന്ന്,

**തൃശ്ശൂർ**
**16/05/2018**

വിധേയൻ
**ജിസ്സോബേബി**
(ഡയറക്ടർ)

<u>കൂടുതൽ വിവരങ്ങൾക്ക് താങ്കളുടെ ബ്രാഞ്ചുമായോ, ഹെഡ് ഓഫീസിലെ താഴെപ്പറയുന്ന സ്റ്റാഫുമായോ ബന്ധപ്പെടുക.</u>

**ഷിജിൻ സി.യു (8606197566)**

**സംഗീത (9544049998)**